(ഡി) നികുതി, നികുതിയിതര വരുമാനം കുറയ്ക്കുവാൻ തീരുമാനമെടുത്തിട്ടില്ല. എല്ലാ സാമ്പത്തികവർഷവും പൊതുവായ സാമ്പത്തികനിലയുടെ അടിസ്ഥാനത്തിൽ ബജറ്റ് എസ്റ്റിമേറ്റ് പുനരവലോകനം ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് നിശ്ചയിക്കാറുണ്ട്.

(ഇ) നികുതി ചോർച്ച തടയൽ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കൽ എന്നീ നടപടികളിലൂടെയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടി ചീഫ് സെക്രട്ടറി അധ്യക്ഷനായി സമർപ്പിച്ച സമിതിയുടെ റിപ്പോർട്ടിൻമേൽ നടപടികളെടുത്തും വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മദ്യവർജ്ജനത്തിനായി പ്രചാരം നൽകുന്നതിന് നടപടി

27 (*237)ശ്രീ. കെ. എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജ്ജനത്തിന് പ്രചാരം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച തുടർനടപടികളുടെ പുരോഗതി എന്താണെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) :

(എ&ബി) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം സംഘടനകൾക്ക് മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്കരണം, കൗൺസിലിംഗ്, ചികിത്സ എന്നിവ നടത്തുന്നതിന് 'സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ' പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ഒരു പദ്ധതിക്ക് രൂപം നൽകി. 23.10.99-ലെ ജി.ഒ (എം.എസ്) 151/99/നി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശമദ്യവകുപ്പുകളിലെ ലേബലിൽ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന നിയമപരമായ മുന്നറിയിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ സംസ്ഥാന സർക്കാരിന്റെ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രിക്ക് ഈ ഇനത്തിൽ 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം 5 ലക്ഷം രൂപ വകകൊള്ളിക്കുകയും ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly